ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത സെൻസസിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. സെൻസസിന്റെ മുന്നോടിയായി തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിൽ ഒരു പൈലറ്റ് സെൻസസ് പൂർത്തിയാക്കിയിട്ടുണ്ട്. നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലും കൊല്ലയിൽ ഗ്രാമപഞ്ചായത്തിലും രണ്ടാം പൈലറ്റ് സെൻസസ് നടന്നുവരുന്നു. 28-2-2015 വരെ സെൻസസ് പ്രവർത്തനങ്ങൾക്കായി 7,56,052 രൂപ ചെലവായിട്ടുണ്ട്.

(സി) കേരളത്തിലെ എല്ലാ വീടുകളും ഉൾക്കൊള്ളിച്ചുള്ള ബൃഹത്തായ സെൻസസ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാ മുന്നൊരുക്കങ്ങളും നടത്തുകയും രണ്ട് പൈലറ്റ് സെൻസസ് നടത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനതല സെൻസസ് 2015 ഏപ്രിൽ മാസം ആരംഭിക്കുന്നതിനുള്ള എല്ലാ മുന്നൊരുക്കങ്ങളും പൂർത്തിയായിട്ടുണ്ട്.

(ഡി) ഉണ്ട്.

സംസ്ഥാനത്തെ അംഗൻവാടികൾ

278 (3258) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര അംഗൻവാടികളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ സ്വന്തമായി കെട്ടിടങ്ങൾ ഉള്ളവ എത്രയാണെന്നും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവ എത്രയാണെന്നും പറയാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് എത്ര അംഗൻവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്ത് എത്ര അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും ഉണ്ടെന്ന് വിശദമാക്കാമോ ;

(ഇ) ഇവരിൽ പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവർ എത്രപേരുണ്ടെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആകെ അംഗൻവാടികളുടെ എണ്ണം - 33115. (32986 + 129 മിനി അങ്കണവാടികൾ)

(ബി) സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികൾ - 21132

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ - 10165.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികളിലുൾപ്പെടുത്തി 631 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതിയും ഫണ്ടും ലഭ്യമാക്കിയിരിക്കുന്നു. ആയതിൽ 53 അംഗൻവാടികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 197 അങ്കണവാടികളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ശേഷിക്കുന്നവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ ആകെ അംഗൻവാടി വർക്കർമാർ - 33115

ഹെൽപ്പർമാർ - 32986

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അംഗൻവാടികൾ വഴി ഭക്ഷ്യവസ്തുക്കൾ

279 (3259) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ അംഗൻവാടികൾ വഴി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത് ;

(ബി) അംഗൻവാടി കുട്ടികൾക്ക് ഭക്ഷ്യവസ്തുക്കളായി എന്തൊക്കെയാണ് നൽകുന്നത് ; അളവ് വ്യക്തമാക്കുമോ ;

(സി) ഗുണമേന്മയില്ലാത്ത ഭക്ഷ്യവസ്തുക്കൾ അംഗൻവാടികൾ വഴി വിതരണം ചെയ്യുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഗുണമേന്മയുള്ള ഭക്ഷ്യവസ്തുക്കൾ നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംയോജിത ശിശു വികസന സേവന പദ്ധതിയിൻ കീഴിൽ അംഗൻവാടി കേന്ദ്രങ്ങൾ വഴി അനുപൂരക പോഷകാഹാര പദ്ധതി, ഗ്രോത്ത് മോണിറ്ററിംഗ്, ഹെൽത്ത് ചെക്കപ്പ്, ന്യൂട്രീഷ്യൻ & ഹെൽത്ത് എഡ്യൂക്കേഷൻ, റഫറൽ സർവ്വീസ്, ഇമ്മ്യൂണൈസേഷൻ, കൗൺസിലിംഗ്, ഗൈഡൻസ് ഓൺ ഫാമിലി വെൽഫെയർ, അനൗപചാരിക പ്രീ-സ്കൂൾ വിദ്യാഭ്യാസം മുതലായ പരിപാടികൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly